(ബി) താഴെ പറയുന്ന തീരുമാനങ്ങൾ ഈ യോഗങ്ങളിൽ എടുത്തു:—

(1) ഓരോ താലൂക്കിലും ഉള്ള വെള്ളക്കപ്പയുടെ കോട്ടാ നിശ്ചയിച്ച് ഗവണ്മെൻറിലേയ്ക്കു ശുപാർശചെയ്യുക.

(2) ദേവികുളവും പീരുമേടും മരച്ചീനിവാങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഗവണ്മെൻറിലേയ്ക്കു ശുപാർശചെയ്യുക

(3) താഴെപ്പറയുന്ന സബ്ബ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു.

കൃഷി (കൾട്ടിവേഷൻ)

ഉപയോഗം (കൺസംപ്ഷൻ)

വ്യവസായസാദ്ധ്യതകൾ (ഇൻഡസ്ട്രീയൽ യൂസസ്)

വിപണിയും പ്രചരണവും (മാർക്കറ്റിംഗ് ആൻഡ് പ്രൊപ്പഗാൻഡാ)

(സി) ബോർഡിൻെറ ശുപാർശകൾ സ്വീകരിച്ചുകൊണ്ട് ഗവണ്മെൻറ് ഉത്തരവുകൾ പാസ്സാക്കി.

(ഡി) 11,565 രൂപ, 14 ണ. ചെലവായി.

(ഇ, എഫ്) പുതിയതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രൂപീകരിച്ചു. നിലവിലിരുന്നതിൽ 3 സംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പടെ ഇപ്പോൾ 197 മരച്ചീനിസഹകരണസംഘങ്ങളുണ്ട്. ഓരോ സംഘത്തിനും 200 രൂപവീതം ഗ്രാൻറ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ 16 ഡപ്പോകൾ തുറന്നു. ആഗസ്റ്റുമാസം അവസാനംവരെ 9184 ടൺ 10 ഹ. 25 പൗണ്ട് ഉണക്കിയ മരച്ചീനി വിലയ്ക്കുവാങ്ങി. വിൽപ്പന ഇതുവരെ തുടങ്ങിയിട്ടില്ല.

മുനിസിപ്പാലിറ്റികൾക്കുള്ള ലോൺ.

* 215. [27] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികൾക്ക് ലോൺ കൊടുക്കുന്ന വിഷയത്തിൽ ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്തു;

(ബി) പെരുമ്പാവൂർ മുനിസിപ്പാലിറ്റി ലോണിനു അപേക്ഷിച്ചിരുന്നുവോ:

(സി) 1955-56-ൽ എത്ര തുക അനുവദിച്ചു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മുനിസിപ്പാലിറ്റി മുടെ പ്രത്യേകാവശ്യം, നിശ്ചിതകാലാവധിക്കുള്ളിൽ മടക്കിക്കൊടുക്കുവാനുള്ള ധനശേഷി മുതലായവ പരിഗണിച്ചാണ് ലോൺ നൽകുന്നതു്. കൂടാതെ ലോണിനു അപേക്ഷിക്കുന്ന മുനിസിപ്പാലിറ്റികൾ, ലോൺ അതാറിട്ടീസ് ലോൺ ആക്റ്റിലേയും, ലോക്കൽ അതാറിട്ടീസ് ലോൺ റൂളുകളിലേയും നിബന്ധനകൾ അനുസരിക്കേണ്ടതുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷിച്ചിരുന്നു.

(സി) 1955-56-ൽ ഇതുവരെ തുക അനുവദിച്ചില്ല.

ശ്രീ. കെ. പി. ഹാർമിസ്: അങ്ങിനെ അനുവദിക്കാതിരിക്കുന്നതിനുള്ള കാരണമെന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പെരുമ്പാവൂർ മുനിസിപ്പാലിറ്റി നാലര ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. അതിൽ ഒന്നരലക്ഷം രൂപ മാർക്കറ്റിംഗിന്റെ ആവശ്യത്തിലേയ്ക്കും മൂന്നു ലക്ഷം രൂപ വാട്ടർവർക്സിനു വേണ്ടിയും ആണ് ആവശ്യപ്പെട്ടിരുന്നത്. മാർക്കറ്റിംഗിന്റെ ആവശ്യത്തിലേയ്ക്കുള്ള ഒന്നരലക്ഷം രൂപ അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ മതിയെന്ന് പിന്നീടറിയിച്ചു. ബാക്കിയുള്ള മൂന്നു ലക്ഷം രൂപയെ സംബന്ധിച്ചിടത്തോളം water supply സ്കീമിന്റെ അന്വേഷണം നടത്തി എസ്റ്റിമേറ്റയക്കാൻ ഏർപ്പാടുചെയ്തു. അന്വേഷണത്തെ സംബന്ധിച്ചിടത്തോളമുള്ള റിപ്പോർട്ട് ചീഫ് ഇൻജിനിയരുടെ കയ്യിൽ കിട്ടിയിട്ടുണ്ടെന്നറിയാം. ആ റിപ്പോർട്ട് ഗവണ്മെന്റിൽ കിട്ടിക്കഴിഞ്ഞാലുടനെ ലോൺ അനുവദിക്കുന്ന കാര്യത്തെപ്പറ്റി തീരുമാനിക്കുന്നതാണ്.

ശ്രീ. കെ. പി. ഹാർമിസ്: ഈ മാതിരി ലോൺ അനുവദിക്കുമ്പോൾ പുതിയതായി തുടങ്ങിയിട്ടുള്ള പെരുമ്പാവൂർ മുനിസിപ്പാലിറ്റിയെപ്പോലുള്ള മുനിസിപ്പാലിറ്റികൾക്കു മുൻഗണന നൽകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: മുൻഗണന നൽകാം. പക്ഷെ, ഞാൻ പറഞ്ഞ അടിസ്ഥാനത്തിൽ മാത്രമേ അതനുവദിക്കുകയുള്ളൂ.

ശ്രീ. ടി. വി. തോമസ്: മുനിസിപ്പാലിറ്റികൾക്കു ലോൺ കൊടുക്കുന്ന കാര്യത്തിൽ രാഷ്ട്രീയപരിഗണനയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. ടി. വി. തോമസ്: ആലപ്പുഴ മുനിസിപ്പാലിറ്റി ലോൺ ആവശ്യപ്പെട്ടിട്ട് ഇതുവരെ അതേപ്പറ്റി ഒരു തീരുമാനവും ചെയ്യാതിരുന്നതെന്തുകൊണ്ടാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവർക്കു കൊടുത്തിരുന്ന ലോൺ ഇനിയും മുഴുവൻ അടച്ചുതീർത്തിട്ടില്ല. ഇനിയും കുറെ തുക അടയ്ക്കാനുണ്ട്.

ശ്രീ. ടി. വി. തോമസ്: ഇതുപോലെ അടയ്ക്കാനുള്ള മറ്റു മുനിസിപ്പാലിറ്റികൾക്കു ലോൺ കൊടുത്തിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. വി. തോമസ്: എറണാകുളം മുനിസിപ്പാലിറ്റിക്ക് രണ്ടോ മൂന്നോ ലോൺ അനുവദിച്ചില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly